പാലക്കാട്	2
മലപ്പുറം	4
കോഴിക്കോട്	4
കണ്ണൂർ	4
വയനാട്	2
കാസർഗോഡ്	3

65 (519) കരകുളം വൊക്കേഷണൽ ഹൈസ്കൂളിൽ പുതിയ കോഴ്സുകൾ

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കരകുളം വൊക്കേഷണൽ ഹൈസ്കൂളിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് സർക്കാരിന് പി.ടി.എ. യുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ലൈവ്സ്റ്റോക്ക് മാനേജ്മെന്റ്, അഗ്രികൾച്ചർ ഇവയിൽ പുതിയ കോഴ്സുകൾ തുടങ്ങണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(സി) അടുത്ത അദ്ധ്യായന വർഷം മുതൽ ഈ കോഴ്സുകൾ നടപ്പിൽ വരുത്തുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം ഉചിതമായ മേൽനടപടിക്കായി തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

66 (521) വനിതാപോളിടെക്നിക്കുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വനിതാപോളിടെക്നിക്കുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവിടെ എത്ര കുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട്;

(ബി) നെടുപുഴ ഗവണ്മെന്റ് വനിതാപോളിടെക്നിക്കിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത്;

(സി) ഈ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പെൺകുട്ടികൾക്ക് താമസിക്കുന്നതിന് ഇവിടെ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കുട്ടികൾക്ക് കോളേജിൽ വരുന്നതിനും പോകുന്നതിനുമായി ഒരു ബസ് ഈ പോളിടെക്നിക്കിന് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഏഴ് വനിതാപോളിടെക്നിക്കുകൾ ഉണ്ട്. ഇവിടെ ഓരോ വർഷവും 1020 വിദ്യാർത്ഥിനികൾക്ക് പ്രവേശനം നൽകി വരുന്നു.

(ബി) കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ്, കൊമേഴ്സ്യൽ പ്രാക്ടീസ് എന്നീ ഡിപ്ലോമ കോഴ്സും കംമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ പോസ്റ്റ് ഡിപ്ലോമ കോഴ്സുമാണ് നിലവിലുള്ളത്.

(സി) ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തി എ.ഐ. സി.റ്റി.ഇ. യുടെ അംഗീകാരം ലഭിക്കുന്നതനുസരിച്ച് പുതിയ കോഴ്സുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സൗകര്യം നിലവിലുണ്ട്.

(ഇ) സാമ്പത്തിക പരാധീനതമൂലം തൽക്കാലം നിർവാഹമില്ല.

67 (522) ബിരുദാനന്തര ബിരുദമില്ലാത്ത പ്രിൻസിപ്പാൾമാർ

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂളുകളിൽ ബിരുദാനന്തര ബിരുദമില്ലാത്ത എത്ര അധ്യാപകർ പ്ലസ് ടു പ്രിൻസിപ്പാൾമാരായി ജോലി ചെയ്യുന്നുണ്ട്;

(ബി) പ്രിൻസിപ്പാൾമാരുടെ നിയമനരീതി ഏതു വിധത്തിലാണ്; അവരുടെ യോഗ്യത എന്താണ്;

(സി) ബിരുദാനന്തര ബിരുദമില്ലാത്ത ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരെ പ്ലസ്ടു പ്രിൻസിപ്പാൾമാരായി തുടരാൻ അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) ഹൈസ്കൂളുകളിലുള്ള ഹെഡ്മാസ്റ്റർമാർ തന്നെയാണ് നിലവിൽ പ്രിൻസിപ്പാളിന്റെ അധിക ചുമതല വഹിച്ചുവരുന്നത്. ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രത്യേക പ്രിൻസിപ്പാൾ തസ്തിക ഇപ്പോൾ നിലവിലില്ല.

(സി) ഹയർ സെക്കന്ററിക്ക് സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാലും ഹയർ സെക്കന്ററിയ്ക്കായി പ്രത്യേക പ്രിൻസിപ്പാൾ തസ്തിക സൃഷ്ടിച്ചില്ലാത്തതിനാലും ഹൈസ്കൂൾ ഹെഡ്മാസ്റ്ററാകാൻ യോഗ്യതയുള്ള എല്ലാ അദ്ധ്യാപകർക്കും പ്ലസ് ടുവിൽ പ്രിൻസിപ്പാൾമാരായി നിലവിൽ തുടരാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly